# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2783

10/12/2014 - ൽ മറുപടിക്ക്

## വടകര-മാഹി കനാൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ. കെ. ലതിക | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വടകര-മാഹി കനാൽ നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | 17.61 കിലോമീറ്റർ ദൈർഘ്യമുള്ള വടകര-മാഹി കനാൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ചിരിക്കുന്നു. അവയുടെ പ്രവർത്തന പുരോഗതി താഴെ കൊടുത്തിരിക്കുന്നു.<br><br>(1) റീച്ച് 1 (450.080 മുതൽ 454.080 കി.മീ വരെ) ആർ.ഐ.ഡി.എഫ് നബാർഡ്-XVII ൽ ഉൾപ്പെടുത്തിയ പ്രവൃത്തി (18.06%) പൂർത്തിയായി. പ്രസ്തുത സ്ഥലത്തെ മണ്ണിന്റെ പ്രത്യേകത മൂലം പൈലും സ്ലാബും ഉപയോഗിച്ചുള്ള തീര സംരക്ഷണം സാദ്ധ്യമല്ലാത്തതിനാൽ പ്രവൃത്തി ഫോർക്ലോസ് ചെയ്തു.<br><br>(2) 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്താൽ നടക്കുന്ന 2 മുതൽ 4 വരെ (3 റീച്ചുകൾ ) 454.080 കി.മീ മുതൽ 464.21 കി.മീ വരെ ഏകദേശം 60% പണി ഇതുവരെ പൂർത്തിയായിട്ടുണ്ട്.<br><br>(3) റീച്ച് 5- 464.21 കി.മീ മുതൽ 467.69 കി.മീ വരെ സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ സൈറ്റ് കരാറുകാരന് കൈമാറി ഇനിഷ്യൽ ലെവൽ എടുത്തു കൊണ്ടിരിക്കുന്നു. |
| (ബി) എത്ര തുകയ്ക്കുള്ള നിർമ്മാണ പ്രവർത്തികളാണ് ടെണ്ടർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | 115.75 കോടിരൂപയ്ക്കുള്ള നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (സി) കരാറുകാർക്ക് പാർട്ട് പേമെന്റ് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം തുക ഇതുവരെ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | പാർട്ട് പേയ്മെന്റ് നൽകിയിട്ടുണ്ട്. 25.13% തുക ഇതുവരെ നൽകിയിട്ടുണ്ട്. |
| (ഡി) കനാലിന്റെ നിർമ്മാണ പ്രവർത്തികൾ ഇതിനോടകം അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതി എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കുമോ; | (ഡി) | ഉണ്ട്. മാർച്ച് 2015 ന് പൂർത്തിയാകും. |
| (ഇ) കനാലിനു കുറുകെ എവിടെയൊക്കെയാണ് പാലങ്ങൾ നിർമ്മിക്കുന്നത് എന്നും ആയതിന് എത്ര തുക വകയിരുത്തിയെന്നും വിശദമാക്കുമോ? | (ഇ) | കല്ലേരി, പറമ്പിൽ, വെങ്ങോളി, കളിയാംവള്ളി, കോട്ടപ്പള്ളി, കന്നിനട<br>പ്രസ്തുത പ്രവൃത്തികൾക്ക് 4.31 കോടി രൂപ 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ